കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുത്തിഗെ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-2019

### ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-5/1163/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 13-02-2020.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)
പുത്തിഗെ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പുത്തിഗെ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1, 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>പകർപ്പ്:</u>
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി.5/1163/2019.      തിയ്യതി:13.02.2020.

# കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/2018 മുതൽ 31/03/2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 07 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും , സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി.കെ .ഉണ്ണി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-11-2019മുതൽ 23-11-2019വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ഗോപാലകൃഷ്ണ നായിക്ക്.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.രഘുനാഥൻ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജെനകുര്യാക്കോസ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.രമ്യ.ടി | ഓഡിറ്റർ |

## നിർവഹണാധികാരികൾ

| നിർവ്വഹണാധികാരി | പേര് | കാലയളവ് (1-4-2018 മുതൽ 31-3-2019 വരെ) |
|---|---|---|
| പ്രസിഡണ്ട് | അരുണ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | കെ.ഹരീഷ് | 1-4-2018 മുതൽ 28-3-2019 വരെ |
| | സുരേഷ്.കെ.ആർ | 29-3-2019 മുതൽ 31-3-2019 വരെ |

## നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി. എഞ്ചിനീയർ | രാഹുൽ.ആർ | 1.4.2018 | 14.6.2018 |
| | അജയകുമാർ.എ.വി | 15.6.2018 | 31.3.2019 |
| കൃഷി ഓഫീസർ. | നഫീസത്ത് ഹംഷീന.ബി.എച്ച് | 1.4.2018 | 31.3.2019 |
| വി.ഇ.ഒ | സുനിൽ.കെ | 1.4.2018 | 31.3.2019 |
| എ.സി.ഡി. എസ് സൂപ്പർവൈസർ | അംബിക.ടി.പി | 1.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ PHC | രേഖ.എസ് | 1.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ GAD | സീതാരത്ന.എം | 1.4.2018 | 31.3.2019 |
| ഹെഡ് മാസ്റ്റർ | ബേബി സബിത | 1.4.2018 | 31.3.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ഗീതകുമാരി പി | 1.4.2018 | 20.6.2018 |
| | എസ് അശോക് കുമാർ | 21.6.2018 | 9.10.2018 |
| | സുരേഷ്.കെ.ആർ | 10.10.2018 | 31.3.2019 |
| വെറ്റിനറി സർജൻ | ജിഷ.കെ.ജെയിംസ് | 1.4.2018 | 31.3.2019 |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | അടിസ്ഥാന വസ്തുനികുതി കുറച്ച് കാണിക്കുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു | 1-12 |
| 13 | ഡി &ഒ ലൈസൻസ് (F.T.E.&O.S Licence) ഫീസ് പിരിവ് സംബന്ധിച്ച് | 1-13 |
| 14 | കിൻഫ്ര വ്യവസായപാർക്ക് - അതിർത്തിയുടെ അവ്യക്തത വരുമാന നഷ്ടമുണ്ടാക്കാം | 1-14 |
| 15 | തൊഴിൽ നികുതി പിരിവ് - അപാകതകൾ | 1-15 |
| 16 | ശവദഹനപ്പെട്ടി വാങ്ങൽ പദ്ധതി. | 1-16 |
| 17 | വിദൂര വിദ്യാഭ്യാസ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം | 1-17 |
| 18 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ  പദ്ധതി. | 1-18 |
| 19 | സാമൂഹിക സുരക്ഷാമിഷന് സംഭാവന നൽകൽ പദ്ധതി. | 1-19 |
| | **ഭാഗം II**<br><br>**വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം III**<br>**ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം IV**<br><br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം** | |
| 20 | വാർഷികധനകാര്യപത്രികപരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 22 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 24 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 25 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 26 | ഓഡിറ്റ് റിക്കവറി | 4-7 |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-8 |

| | വിവരം | |
|---|---|---|
| 28 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 30 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

**അനുബന്ധപത്രികകൾ**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 ലെ 34/2018 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 70,59,450 |
| വരവ് | 12,27,39,000 |
| ആകെ | 12,97,98,450 |
| ചെലവ് | 12,40,37,000 |
| നീക്കിയിരിപ്പ് | 57,61,450 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 27.05.2019 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ്

വിവരങ്ങൾ)

| | |
|---|---|
| വർഷം | 2018-19 |
| മുന്നിരിപ്പ് | 58,25,057 |
| വരവ് | 7,21,67,475 |
| ആകെ | 7,79,92,532 |
| ചെലവ് | 5,95,66,170 |
| നീക്കിയിരിപ്പ് | 1,84,26,362 |

# 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2018-19)

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ(ACR പ്രകാരം) | | 0 | 13009831 | 13009831 | 11363696 | 1646135 |
| വികസന ഫണ്ട് -എസ്.സി.പി(ACR പ്രകാരം) | | 0 | 2259128 | 2259128 | 1159256 | 1099872 |
| വികസന ഫണ്ട് -ടി.എസ്.പി(ACR പ്രകാരം) | | 0 | 1546959 | 1546959 | 865918 | 681041 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 3469438 | 3469438 | 1288876 | 2180562 |
| മെയിന്റനൻസ്,നോൺ- റോഡ് (ACR പ്രകാരം) | | 0 | 2632595 | 2632595 | 2243190 | 389405 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6667899 | 6667899 | 4665806 | 2002093 |
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 371572 | 15087 | 386659 | 0 | 386659 |
| ദുരിതാശ്വാസനിധി | | | | | | |
| എം. ജി. എൻ. ആർ. ഇ. ജി. എസ് . | തൊഴിലാളികളുടെ കൂലി | 0 | 26741409 | 26741409 | 26741409 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 104009 | 707863 | 811872 | 736317 | 75555 |
| | ആകെ | 104009 | 27449272 | 27553281 | 27477726 | 75555 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 0 | 0 | 0 | 0 | 0 |
| | SSA | 13419 | 427 | 13846 | 0 | 13846 |
| | ICDS | 0 | 0 | 0 | 0 | 0 |
| | NPRPD | 0 | 0 | 0 | 0 | 0 |
| | PYCKA | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത | സുനാമിഫണ്ട് | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | അംഗനവാടി നിർമ്മാണം | 0 | 0 | 0 | 0 | 0 |
| | ഖരമാലിന്യ നിർമ്മാർജന ഫണ്ട് | 0 | 0 | 0 | 0 | 0 |
| | വിമുക്തി ഫണ്ട് | 0 | 0 | 0 | 0 | 0 |
| | ശുചിത്വമിഷൻഫണ്ട് | 0 | 0 | 0 | 0 | 0 |
| | ഹരിതകേരളം പദ്ധതി ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 148898 | 3271520 | 3420418 | 2605817 | 814601 |
| | ജില്ലാ പഞ്ചായത്ത് | 766542 | 2145776 | 2912318 | 1833276 | 1079042 |
| | ആകെ | 915440 | 5417296 | 6332736 | 4439093 | 1893643 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 90000 | 90000 | 90000 | 0 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | 100000 | 100000 | 100000 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവര്ക്കുള്ള ഇൻസെന്റീവ് | 0 | 166000 | 166000 | 166000 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 11470700 | 11470700 | 11470700 | 0 |
| | കർഷകതൊഴിലാളി പെൻഷൻ | 0 | 1938800 | 1938800 | 1938800 | 0 |
| | വിധവാ പെൻഷൻ | 0 | 9484400 | 9484400 | 9484400 | 0 |
| | അവിവാഹിത പെൻഷൻ | 0 | 211200 | 211200 | 211200 | 0 |
| | വികലാംഗ പെൻഷൻ | 0 | 3011900 | 3011900 | 3011900 | 0 |
| | തൊഴിലില്ലായ്മ വേതനം | 0 | 13440 | 13440 | 13440 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 8092556 | 8092556 | 8092556 | 0 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | 1063723 | 9964250 | 19129529 | 8538807 | 2489166 |
| | ബാങ്ക് അക്കൗണ്ട് - SBI | 25643 | 10635901 | 10661544 | 10001465 | 660079 |
| | ബാങ്ക് അക്കൗണ്ട് - Coop Bank | 2411468 | 3358965 | 5770433 | 2090744 | 3679689 |
| മറ്റിനം | അവാർഡുകളും | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ബഹുമതികളും | | | | | |
| | പട്ടികജാതി ഭവന നിർമ്മാണം ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 | 0 | 0 |
| | പെയിൻ & പലിയേറ്റീവ് കെയർ പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 | 0 | 0 |
| | ഗുണഭോക്തൃവിഹിതം | 0 | 104600 | 104600 | 104600 | 0 |
| | ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത് | 0 | 0 | 0 | 0 | 0 |

* നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടവയാണ് .

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിത് (എണ്ണം) | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2018-19 | 155 | 110 | 2 | 43 | 70.97 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 104009 | 707863 | 811872 | 736317 | 75555 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26741409 | 26741409 | 26741409 | 0 |
| 100 ദിനം തൊഴിൽ അലവൻസ് | 0 | 166000 | 166000 | 166000 | 0 |
| ആകെ | 104009 | 27615272 | 27719281 | 27643726 | 75555 |

# 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ക്ഷേമപദ്ധതിയുടെ | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|---|

| | പേര് | തുക ₹ | എണ്ണം |
|---|---|---|---|
| 2018-19 | തൊഴിൽ രഹിത വേതനം | 13440 | 11 |
| | കർഷകതൊഴിലാളി പെൻഷൻ | 1938800 | 153 |
| | വിധവാ പെൻഷൻ | 9484400 | 791 |
| | വാർദ്ധക്യകാല പെൻഷൻ | 11470700 | 1022 |
| | വികലാംഗ പെൻഷൻ | 3011900 | 245 |
| | അവിവാഹിത പെൻഷൻ | 211200 | 16 |
| | വിവാഹ ധനസഹായം | 90000 | 3 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-11-2019 തീയതിയിൽ 12.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 44/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |

2018-19 സാമ്പത്തിക വർഷത്തിൽ ക്ലാർക്ക് തസ്തിക 3 എണ്ണം ഉള്ളതിൽ ഒരു തസ്തിത കഴിഞ്ഞ 6 മാസമായി ഒഴിഞ്ഞ് കിടക്കുന്നുണ്ട്. സെക്രട്ടറി കഴിഞ്ഞ 3 മാസമായി അവധിയിൽ ആണ്, അസി.സെക്രട്ടറിക്കാണ് നിലവിൽ സെക്രട്ടറിയുടെ ചാർജ്ജ്. ജീവനക്കാരുടെ ജോലി വിഭജനം

കൃത്യമായി നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നുണ്ട്.

**<u>അക്കൌണ്ടിങ്ങ് സമ്പ്രദായം -</u>**അക്കൌണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട് .നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൌണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്.മാസാന്ത്യങ്ങളിൽ റീകൺസിലിയേഷൻ നടത്തിവരാറുണ്ട്.അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോഗസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൌണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്.ഓരോ അക്കൌണ്ടിങ്ങ് രേഖകളിലേക്കുമുള്ള പ്രവേശനം (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

**<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>**

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൌണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട് .ആയതു് പഞ്ചായത്തിന്റെ വരവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുമുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.

**<u>ഡ.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം</u>**

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട് .ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. ട്യൂട്ടോരിയൽ സ്ഥാപനങ്ങൾ,സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>**

നികുതികൾ കൃത്യമായി കണക്കാക്കി ഡിമാന്റ് ചെയ്യാനുള്ള നടപടികൾ സ്വികരിച്ചിട്ടില്ല. നികുതികൾ പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല.വസ്തു നികുതിയിൽ പിരിച്ചെടുക്കാനായി കുടിശ്ശിക നിലനില്ക്കുന്നു.കുടിശ്ശിക വരവുകൾ പിരിച്ചെടുക്കുന്നതിനായി അടിയന്തിര നടപടികൾ അനിവാര്യമാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

**<u>അതിർത്തി നിർണ്ണയത്തിലെ അവ്യക്തത കൊണ്ട് നികുതി വരുമാനം പൂർണ്ണമായും പിരിച്ചെടുത്തുവോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല .</u>**

ഗ്രാമപഞ്ചായത്തിലെ പ്രധാന കവലയായ സീതാംഗോളി ഭാഗത്ത് അതിർത്തി നിർണ്ണയത്തിലെ അവ്യക്തത കൊണ്ട് നികുതി വരുമാനം പൂർണ്ണമായും പിരിച്ചെടുത്തുവോ എന്ന് പരിശോധിക്കാൻ

സാധിക്കുന്നില്ല . ബദിയടുക്ക ഗ്രാമപഞ്ചായത്ത്, കുമ്പള ഗ്രാമപഞ്ചായത്ത്, മധൂർ ഗ്രാമപഞ്ചായത്ത്, എന്നിവയുമായി അതിർത്തി പങ്കിടുന്ന സ്ഥലമാണ് സീതാംഗോളി. ഈ പ്രദേശത്താണ് കിൻഫ്ര പാർക്ക്, എച്ച്.എ.എൽ എന്നീ സ്ഥാപനങ്ങൾ വരുന്നത്. ഇവിടെയുള്ള സ്ഥാപനങ്ങളുടെ വസ്തുനികുതി, തൊഴിൽ നികുതി, ബിൽഡിംഗ് പെർമിറ്റ്, എഫ്.ടി.ഒ&ഒ.എസ് ലൈസൻസ് എന്നിവ സംബന്ധമായ വരവുകൾ പൂർണ്ണമായും പിരിച്ചെടുത്തുവോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

<u>പ്രൊക്യൂർമെൻറ്, സ്റ്റോർ എന്നിവയ്ക്ക് മുകളിലുള്ള നിയന്ത്രണം</u>

ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെൻ്റ് കമ്മിറ്റി 2018-19 വർഷത്തിൽ യോഗം ചേർന്നത് സംബന്ധിച്ച മിനുട്സ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

<u>കൺട്രോൾ ഓവർ പേറോൾ</u>

ജീവനക്കാരുടെ സേവനപുസ്തകം സൂക്ഷിക്കുന്നുണ്ട്. പേ റിവിഷൻ, അഡ്ജസ്റ്റ്മെൻ്റ് സംബന്ധമായ കാര്യങ്ങൾ കൃത്യമായി പരിശോധിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. എല്ലാ കണ്ടീജൻറ് ചെലവുകളും ബാങ്ക് അക്കൗണ്ട് വഴി ആക്കേണ്ടതാണ് എന്നുള്ള സർക്കാർ നയം പാലിക്കേണ്ടതാണ്.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെൻ്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ജീവനക്കാർ പേർസണൽ രജിസ്റ്റർ നിലവിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്. ലോൺരജിസ്റ്റർ,ഡിപ്പോസിറ്റ് രജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,ഓഡിറ്റ് ഒബ്ജക് ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/09/2019 | 05/19 to 07/2019 | 28/09/2019 |

# 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

1)അക്കൗണ്ട് നമ്പർ 570537405510 Pension OAP SBT യിൽ 31-3-2018 ന വാർഷിക ധനകാര്യ പത്രിക പ്രകാരം 29,489 രൂപ ബാലൻസ് ഉണ്ട്. ബാങ്ക് പാസ്സ് ബുക്കിൽ 28-8-2015 ൽ നടത്തിയ ഇടപാടിന്റെ തുകയാണ് ഇപ്പഴം നീക്കിയിരിപ്പായി കാണിക്കുന്നത്. പ്രസ്തുത നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് 31.3.2019 വരെയുള്ള ഇടപാടുകൾ പാസ്സ് ബുക്കിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കുക.

2)അംഗഡി മുഗർ സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട്.നം 5000-ൽ 2018-19 വർഷം 16283 രൂപ പലിശ വരവുണ്ടെങ്കിലും പ്രസ്തുത വരവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. മുന്നിരിപ്പ് തുക തന്നെയാണ് നീക്കിയിരിപ്പായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

3)എസ്.എസ്.എ ബാങ്ക് അക്കൗണ്ട് പ്രകാരം തൻവർഷം വരവ് 545 രൂപയും ചെലവ് 118 രൂപയുമാണ് . എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 118 രൂപ ചെലവ് കുറച്ചുള്ള തുക 427 രൂപയാണ് വരവിൽ എടുത്തിട്ടുള്ളത്.

4)പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ കാലാവധി കഴിഞ്ഞ ചെക്കുകൾ (ചെക്ക് നം 44527 തീ 5-12-2018 ₹ 600 & ചെക്ക് നം.44532 തീ.7.12.2018 ₹26239/-) (Liability in respect of stale cheque ) എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

5)ബാലൻസ് ഷീറ്റിലെ ബി9 ഷെഡ്യൂളിൽ ഉൾപ്പെട്ട 129296 രൂപയുടെ കൃത്യത പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക

6)സംയുക്ത പദ്ധതി -ട്രഷറി അക്കൗണ്ടിൽ 31.03.2019ൽ 1720904 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ബി4 ഷെഡ്യൂളിൽ സംയുക്ത പദ്ധതിയിനത്തിൽ ബാധ്യതയിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 1593389 രൂപയാണ്. ഇക്കാര്യം പരിശോധിക്കുക.

7)പദ്ധതി വിഹിതം ചെലവുകൾ പൂർണ്ണമായും റവന്യൂചെലവുകളായിട്ടാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 30.01.2019 ന് ചേർന്ന സംസ്ഥാന തല സാംഖ്യാ സപ്പോർട്ടിങ്ങ് സെല്ലിന്റെ തീരുമാനപ്രകാരമാണ് മുൻ വർഷത്തേതിന് വിഭിന്നമായി ക്യാപിറ്റൽ കോൺട്രിബ്യൂഷനും റവന്യൂ കോൺട്രിബ്യൂഷനുമായി പദ്ധതിചെലവ് വിഭജിക്കാതെ മൊത്തം ചെലവും റവന്യൂചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ തീരുമാനം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല.

8)ലൈഫ് ഭവന പദ്ധതി വായ്പാ തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ ബാധ്യതയിൽ കാണിച്ചിട്ടുണ്ടെങ്കിലും അസറ്റിൽ ഉൾപ്പെട്ടുകാണുന്നില്ല.30.01.2019 ന് ചേർന്ന സംസ്ഥാന തല സാംഖ്യാ സപ്പോർട്ടിങ്ങ് സെല്ലിന്റെ തീരുമാനപ്രകാരമാണ് ഇത്തരത്തിൽ ഭേദഗതി വരുത്തിയത് . മേൽ തീരുമാനം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല.

9)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10)പരിശോധനയ്ക്ക് ഹാജരാക്കിയ വസ്തു നികുതി ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ തുകകളും വാർഷിക കണക്കിലെ ബന്ധപ്പെട്ട തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

11)430100103- closing stock-stores എന്ന ഹെഡിൽ 4449/- രൂപ നീക്കിയിരിപ്പ് കാണുന്നു. എന്നാൽ സ്റ്റോക്കിന്റെ മൂല്യ നിർണയം നടത്തിയതായി കാണുന്നില്ല.

12)018-19 വർഷത്തിൽ വസ്തുനികുതിയിനത്തിൽ 2280275 രൂപ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തു നികുതി പിരിവ്, ബാക്കി, എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിലും സാംഖ്യാധിഷ്ഠിത വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തു നികുതി പിരിവിൽ 1,64,819 രൂപയുടെ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിക്കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അനുമതികൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.

# 1-12 അടിസ്ഥാന വസ്തുനികുതി കുറച്ച്

## കാണിക്കുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു

സ.ഉ.(എം.എസ്)നം.20/2011/തി.04.01.2011 , സ.ഉ.(പി)നം.88/2013/തി.13.03.13 എന്നിവ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിലെ വസ്തുനികുതി പരിഷ്കരിക്കുകയുണ്ടായി.ഇതനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അവയുടെ ഉപയോഗ ക്രമമനുസരിച്ച് , ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് നിശ്ചിത നിരക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുകയുമുണ്ടായി. ഇപ്രകാരം മുളിയാർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച നിരക്കുകൾ പ്രകാരം (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരമുള്ളത്) 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ മുതലായ വാണിജ്യ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന്₹ 40 നിരക്കിലും, 100 ച.മീ. ൽ കൂടുതലാണെങ്കിൽ ₹ 60/ച.മീ. നിരക്കിലുമാണ് വസ്തുനികുതി ഈടാക്കേണ്ടത്. 200ച.മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ മുതലായവക്ക് ₹ 80/ച.മീ. നിരക്കിലും, ആഫീസ് ആവശ്യത്തിനുള്ളവക്ക് ₹ 40/ച.മീ. നിരക്കിലുമാണ് അടിസ്ഥാന വസ്തു നികുതി കണക്കാക്കി വസ്തുനികുതി നിർണ്ണയിക്കേണ്ടതും ഈടാക്കേണ്ടതും.

എന്നാൽ 2018-19 വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച, 100 ച.മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള ഏതാനും വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തുനികുതിയായി ₹60/- പകരം ₹40/- രൂപയാണ് സ്വീകരിച്ചത്. ആയതിനാൽ നികുതി നഷ്ടമുണ്ടായിട്ടുണ്ടോ എന്ന വസ്തുത പരിശോധിച്ച് കുടിശ്ശിക സഹിതം ക്രമീകരിക്കേണ്ടതാണ്.

| ക്രമ നം | ഉടമ | നില | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $m^2$) |
|---|---|---|---|---|
| 1 | ഗിരിപ്രസാദ് ഷെട്ടി | Cellar Floor | VIII/231 A (actual plinth area is 151.81 m2) | 148.52 |
| | | Cellar Floor | ..... | 52.95 |
| | | Ground Floor | VIII/231 C to F | 118.35 |
| 2 | ജയചന്ദ്ര.പി. | Ground Floor | XII/243 A to F | > 100 |
| 3 | ഇബ്രാഹിം S/o:അബ്ദുല്ല | Ground Floor | V/450 A1, B to L | > 100 |
| 4 | അബ്ദുൾ അസീസ് | Ground Floor | VI/366 A to J | > 100 |

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഡാറ്റ എൻട്രി നടത്തുമ്പോൾ, കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, സമീപത്തെ റോഡിന്റെ വീതി എന്നിവ കൃത്യമാണെന്ന് ഉറപ്പുവരുത്തി നികുതി നഷ്ടം ഉണ്ടാകുന്നില്ല എന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-13 ഡി &ഒ ലൈസൻസ് (F.T.E.&O.S Licence) ഫീസ് പിരിവ് സംബന്ധിച്ച്

പഞ്ചായത്തിൽ ആകെ പതിനാലു വാർഡുകളാണുള്ളത്.ഇതിൽ എട്ടാം വാർഡായ സീതാംഗോളിയാണ് പഞ്ചായത്തിലെ പ്രധാന വാണിജ്യ കേന്ദ്രം. . സഞ്ചയയിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം ഈ വാർഡുകളിലെ വാണിജ്യ കെട്ടിടങ്ങളിലെ കടമുറികളുടെ എണ്ണം 357 ആണ്. എന്നാൽ തൻവർഷത്തെ ഡി & ഒ രജിസ്റ്റർ പ്രകാരംസീതാംഗോളി വാർഡിൽ 85 വ്യാപാരികൾ മാത്രമേലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടുള്ളൂ. അസ്സസ്മെന്റ് രജിസ്റ്റർ,ഡി & ഒ ലൈസൻസ് രജിസ്റ്റർ എന്നിവ താരതമ്യപ്പെടുത്തി പഞ്ചായത്തിലെ മറ്റു ചില വാർഡുകളിലെ വിവരങ്ങൾ കൂടി ചുവടെ ചേർക്കുന്നു.പന്ത്രണ്ടാം വാർഡായ പുത്തിഗെയിൽ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം കടമുറികളുടെ എണ്ണം 73 ആണ്.എന്നാൽ തൻവർഷത്തെ ഡി & ഒ രജിസ്റ്റർ പ്രകാരം 8 വ്യാപാരികൾ മാത്രമേ ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടുള്ളൂ.

പഞ്ചായത്തിൽ നിന്നും ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമായതിനാലും ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. അതിനാൽ ഇവിടെയുള്ള എല്ലാ വ്യാപാരികളും ചട്ടപ്രകാരം ലൈസൻസ് എടുത്താണോ പ്രവർത്തിക്കുന്നത് എന്ന് പരിശോധിക്കുന്നത് ഉചിതമാണ്.

# 1-14 കിൻഫ്ര വ്യവസായപാർക്ക് - അതിർത്തിയുടെ അവ്യക്തത വരുമാന നഷ്ടമുണ്ടാക്കാം

പുത്തിഗെ, കുമ്പള, ബദിയടുക്ക, മധൂർ എന്നീ പഞ്ചായത്തുകളുടെ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചാണ് സീതാംഗോളിയിലെ വ്യവസായ പാർക്ക് രൂപീകരിച്ചിട്ടുള്ളത്. പുത്തിഗെ പഞ്ചായത്തിലെ സീതാംഗോളി വാർഡിലാണ് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന വ്യവസായ പാർക്കിലെ പ്രദേശം ഉൾക്കൊള്ളുന്നത്. എന്നാൽ ഈ പ്രദേശത്തിന്റെ അതിര് സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ, ഈ പ്രദേശത്തുള്ള സ്ഥാപനങ്ങൾ , കെട്ടിടങ്ങൾ മുതലായവയിൽ നിന്നും ലഭ്യമാകേണ്ട വിവിധ തരത്തിലുള്ള വരുമാനങ്ങൾ (വസ്തുനികുതി, തൊഴിൽ നികുതി, നിർമ്മാണ പെർമിറ്റ് മുതലായവയും ബന്ധപ്പെട്ട മറ്റ് വരുമാനങ്ങളും) ഡിമാന്റ് ചെയ്യുന്നതിനോ, ഈടാക്കുന്നതിനോ പഞ്ചായത്തിന് കഴിയുന്നില്ല. ആയതിനാൽ പഞ്ചായത്തിന്റെ അതിർത്തി കൃത്യമായി നിർണ്ണയിക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിച്ച്, അധികാരപരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെയും മറ്റും പ്രവർത്തനം ക്രമപ്രകാരമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 08 (തിയതി- 22.11.2019)

# 1-15 തൊഴിൽ നികുതി പിരിവ് - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും/ തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | തൊഴിൽ നികുതി ഈടാക്കിയ തുക | അടക്കേണ്ടിയിരുന്ന തുക | |
|---|---|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] | [illegible] | |

| | | | | | |
|---|---|---|---|---|---|
| 1. | ജംഷാദ്.പി<br>ഹൈസ്കൂൾ അസിസ്റ്റന്റ്<br>ജി.എച്ച്.എസ്<br>അംഗടിമൊഗർ | 189216 | 1000 | 1250 | ഒന്നാം അർദ്ധവർഷം |
| 2. | സുരേന്ദ്രൻ .എം<br>എഫ്.ടി.എം<br>ജി.എച്ച്.എസ്<br>സൂറംബയൽ | 128200 | 1000 | 1250 | “ |
| 3 | കപിൽ മിർദ<br>സീനിയർ ടെക്നീഷ്യൻ | 115780 | 627 | 1000 | “ |
| 4 | ശ്രീജ.പി<br>സീനിയർ അസിസ്റ്റന്റ്<br>എച്ച്.എ.എൽ | 207055 | 1045 | 1250 | “ |
| 5 | ശശിധര<br>മാസ്റ്റർ ടെക്നീഷ്യൻ<br>എച്ച്.എ.എൽ | 260244 | 627 | 1250 | “ |
| 6 | ടി.വി.ശശികുമാർ<br>സീനിയർമാസ്റ്റർ ടെക്നീഷ്യൻ<br>എച്ച്.എ.എൽ | 360106 | 836 | 1250 | “ |
| 7 | സത്യനാരായണ.വി.വി.എസ്<br>സീനിയർ അസിസ്റ്റന്റ്<br>എച്ച്.എ.എൽ | 395305 | 627 | 1250 | “ |
| 8 | രവീന്ദ്ര.ജി.എൻ<br>ഇൻസ്പെക്ടർ<br>എച്ച്.എ.എൽ | 306990 | 1045 | 1250 | “ |
| 9 | ജഗദീഷ് ചന്ദ്ര<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>എച്ച്.എ.എൽ | 549849 | 836 | 1250 | “ |
| 10 | നമൻ ഖന്ന<br>ജൂനിയർ ടെലികോം ഒാഫീസർ | 229650 | 833 | 1250 | “ |
| 11 | ശ്രീജ.പി<br>സീനിയർ അസിസ്റ്റന്റ്<br>എച്ച്.എ.എൽ | 135790 | 585 | 1250 | രണ്ടാം അർദ്ധവർഷം |
| 12 | രജിത.വി.ആർ<br>എച്ച്.എ.എൽ | 276582 | 1170 | 1250 | “ |
| 13 | അഖിലേഷ് കുമാർ നിഗം<br>സീനിയർ അസിസ്റ്റന്റ്<br>എച്ച്.എ.എൽ | 342669 | 1045 | 1250 | “ |
| 14 | അനരാജ്.പി<br>ഫാർമസിസ്റ്റ് | 102400 | 750 | 1000 | “ |

| | | | | | |
|---|---|---|---|---|---|
| | ഗവ.ആയുർവേദ ഡിസ്പെൻസറി | | | | |

2. ഭാരത് വികാസ് ഗ്രൂപ്പ് കമ്പനി എച്ച്.എ.എൽ കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും 2018-19 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. കയർഫെഡ് അനന്തപുരം യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും 2018-19 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. ഈ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന റേഷൻ ഷാപ്പുകൾ ,കള്ളുഷാപ്പുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

5. താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

a)മുഹമ്മദ് ഇസ്മയിൽ.സി.എച്ച്, ഇടിയാല ഹൗസ് ,പെർല

b)അബ്ദുൾ റഹിമാൻ .കെ, കലാനഗർ

c)സന്തോഷ് കുമാർ .കെ.എ,എൻ.എസ് നിലയം,അരിയപ്പാടി

d)പി.ബി.നാരായണ,പുത്തിഗെ

മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.6 തീയതി 21.11.2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-16 ശവദഹനപ്പെട്ടി വാങ്ങൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.144/19

അടങ്കൽ - പ്ലാൻ ജനറൽ - 59,164/-രൂപ

ചെലവ് - 54,998/-രൂപ

ബിൽ നം.22/2018-19/17.1.2019 – 54,998/- രൂപ

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 15.9.2018 ൽ ടെണ്ടർ ക്ഷണിക്കുകയും റെയ്ഡ്കോ, കാസറഗോഡ് 24.9.2018 ന് സമർപ്പിച്ച 54,998/-രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. 3.11.2018 ന് കത്ത് നം.എ4-4767/17 പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ഇൻവോയ്സ് നം.KSD/1056/2018-19, തിയ്യതി 21.11.2018 പ്രകാരം 1 ശവദഹനപ്പെട്ടി വിതരണം ചെയ്യുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1.ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച ടെണ്ടറുകൾ, ടാബുലേഷൻ ഷീറ്റ്, ടെണ്ടറുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ പരിശോധിച്ച് അംഗീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2.ശവദഹനപ്പെട്ടി വിതരണം ചെയ്ത റെയ്ഡ്കോ, കാസറഗോഡുമായി കരാർ ഒപ്പ് വെച്ചിട്ടില്ല, മുദ്രപ്പത്രം മാത്രമെ ഉള്ളൂ.

3.ശവദഹനപ്പെട്ടി കൈമാറിയത് ബാഡൂർ ശഹദഹനപ്പെട്ടി സംരക്ഷണസമിതിക്കാണ്. ഇവരുമായി ഒപ്പ്

വെച്ച കാരാർ പ്രകാരം ഉപയോഗത്തിന് നൽകുമ്പോൾ നിശ്ചിത തുക ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കമ്മിറ്റിയുടെ മിനിട്സ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് , രശീത് ബുക്ക് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.03/20.11.2019 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടത് പ്രകാരം

ലഭിച്ച ടെണ്ടറുകൾ, ടാബുലേഷൻ ഷീറ്റ്, ടെണ്ടറുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ പരിശോധിച്ച് അംഗീകരിച്ചതിന്റെ രേഖകൾ, റെയ്ഡ്കോ, കാസറഗോഡുമായി ഒപ്പ് വെച്ച കരാർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്.
ശവദഹനപ്പെട്ടി കൈമാറിയത് ബാഡൂർ ശഹദഹനപ്പെട്ടി സംരക്ഷണസമിതിയുടെ മിനിട്സ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് , രശീത് ബുക്ക് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-17 വിദൂര വിദ്യാഭ്യാസ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം

2018-19 വർഷത്തിൽ ഹെഡ്മിസ്ട്രസ്സ് നിർവഹണം ചെയ്ത പദ്ധതികളായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം (പ.നം-24/19), പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം (പ.നം-111/19) എന്നിവയിലെ ഏതാനം ഗുണഭോക്താക്കൾ കണ്ണൂർ യൂണിവേഴ്സിറ്റിയിലെ വിദൂര വിദ്യാഭ്യാസ കോഴ്സിലെ വിദ്യാർത്ഥികളാണ് എന്ന് കാണാം. വിദൂര വിദ്യാഭ്യാസ കോഴ്സിനെ 'റെഗുലർ സ്കീമിൽ' കണക്കാക്കാവുന്നതല്ല.

2018-19 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ (ജി.ഒ(എം.എസ്)22/2018 തസ്വഭവ തീ.14.02.2018) ഖണ്ഡിക 2-2 ൽ, സൂചിപ്പിച്ചതനുസരിച്ച് ഈ മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് , സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള മുൻകൂർ അനുമതി വാങ്ങിയിട്ടില്ല എന്നാണ് അറിയുവാൻ കഴിഞ്ഞത്. മേലെ സൂചിപ്പിച്ച മാർഗ്ഗരേഖയിലെ ഖ:7.2.8, 7.2.9 എന്നിവ പ്രകാരം വിദൂര വിദ്യാഭ്യാസ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കുന്നതിന് വിധേയമായി ഈയിനത്തിൽ സബ്സിഡിയായി അനുവദിച്ച തുക ₹.1,05,180/- രൂപ ( 4 x 26,295 ) തടസ്സപ്പെടുത്തുന്നു(₹26,295/- @TSP ഫണ്ട് & ₹78,885 @SCP ഫണ്ട്) . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ബിൽ നം. , തുക | ഗുണഭോക്താവ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം | 05/2018-19/ തി.19.03.19<br>₹ 2,62,295 /-<br>വികസനഫണ്ട് (SCP) | ദീപ്തി.ബി.പി. | പ്രണവ് കോളേജ്, കുമ്പള |
| | | | സുവാസിനി. ബി.പി. | ടാഗോർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്,വിദ്യാനഗർ, കാസറഗോഡ് |
| | | | രമ്യാ.ബി.എൻ. | ടാഗോർ കോളേജ് ഓഫ് അഡ്വാൻസ്ഡ് |

| | | | | |
|---|---|---|---|---|
| | | | | സ്റ്റഡീസ്,വിദ്യാനഗർ, കാസറഗോഡ് |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം | 06/2018-19/ തി.19.03.19<br>₹1,05,180 /-<br>വികസനഫണ്ട് (TSP) | ശാരദ.എം. | ക്രിയേറ്റീവ് ആർട്സ് & സയൻസ് കോളേജ്, ബദിയടുക്ക |

ഓഡിറ്റ് എൻക്വയറി -07 (തിയതി-22.11.19)

# 1-18 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.14/19

അടങ്കൽ - പ്ലാൻ ജനറൽ - 3,00,000/-രൂപ

ചെലവ് - 2,88,086/-രൂപ

ബിൽ നം.11/2018-19/11.8.2018 – 2,88,086/-രൂപ

പുത്തിഗെ ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങാനുള്ളതാണ് ഈ പദ്ധതി. കേരളാ സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) എന്ന സ്ഥാപനത്തിൽ നിന്ന് നേരിട്ടാണ് മരുന്ന് വാങ്ങുന്നതിനാണ് തിരുമാനിച്ചിട്ടുള്ളത്. ഇതിനായി ആകെ 2,88,086/-രൂപയുടെ ഇന്റന്റ് സമർപ്പിക്കുകയും ബിൽ നം.11/2018-19/11.8.2018 പ്രകാരം ആകെ 2,88,086/-രൂപ ഹോംകോയുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തു. അക്കൗണ്ട് നം.34306403911, എസ്.ബി.ഐ. ഈ തുക കൈപ്പറ്റിയതിന്റെ വിവരം, ഹോംകോ മരുന്ന് വിതരണം ചെയ്ത ഇൻവോയ്സ്, മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.05/20.11.2019 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക2,88,086/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നാളിതുവരെയായി ഇന്റന്റ് പ്രകാരമുള്ള ഒരു മരുന്ന് പോലും വിതരണം ചെയ്തിട്ടില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ വിവരം. അതിനാൽ എത്രയും പെട്ടെന്ന് മുഴവൻ മരുന്നും ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 സാമൂഹിക സുരക്ഷാമിഷന് സംഭാവന നൽകൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.02/19

അടങ്കൽ - പ്ലാൻ ജനറൽ - 2,00,000/-രൂപ

ചെലവ് - 2,00,000/-രൂപ

ബിൽ നം.04/2018-19/22.5.2018 – 2,00,000/- രൂപ

സർക്കാർ ഉത്തരവ് നം.1209/2013/തസ്വഭവ, തിയ്യതി 6.5.2013 പ്രകാരം സാമൂഹിക സുരക്ഷാ മിഷന് സംഭാവന നൽകാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്. സാമൂഹിക സുരക്ഷാ മിഷൻ, തിരുവനന്തപുരം പുത്തിഗെ ഗ്രാമപഞ്ചായത്ത് സംഭാവന നൽകണമെന്നാവശ്യപ്പെട്ട് നം.എ-3/2101/2016/കെ.എസ്.എസ്.എം, തിയ്യതി 29.12.2018 പ്രകാരം കത്ത് നൽകിയിട്ടുണ്ട്. ബിൽ നം.04/2018-19/22.5.2018 പ്രകാരം 2,00,000/- രൂപ പിൻവലിച്ച് സാമൂഹിക സുരക്ഷാ മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം.70101140000134. ഈ തുക കൈപ്പറ്റിയതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.04/20.11.2019 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 28-06-2019 മുതൽ 29-06-2019 വരെ | KSA/KSD3/480/2019 തീയതി.20-07-2019 |

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 2018-19 | 1461054 | | 171/19 Life Mission - Gen | 1461054 | 0 |
| 2 | ജില്ലാപഞ്ചായത്ത് | 2018-19 | 312500 | | 172/19 Life Mission - SCP | 0 | 312500 |
| 3 | ജില്ലാപഞ്ചായത്ത് | 2018-19 | 122222 | | 173/19 Life Mission - TSP | 122222 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1622833 | | 171/19 Life Mission - Gen | 1622833 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 495077 | | 172/19 Life Mission - SCP | 0 | 495077 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 75690 | | 173/19 Life Mission - TSP | 75690 | 0 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | | 850000 | | 19/19 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 683400 | 166600 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | | 177920 | | 132/19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 173894 | 4026 |
| 9 | ജില്ലാ പഞ്ചായത്ത് | | 200000 | | 28/19 സാന്ത്വന പരിചരണം 2018-19 | 200000 | 0 |
| 10 | ജില്ലാ പഞ്ചായത്ത് | | 50000 | | 33/19 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 50000 | 0 |
| 11 | ബ്ലോക്ക് പഞ്ചായത്ത് | | 50000 | | 33/19 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 50000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | കട്ടതക്കാട്, ബീരിക്കഞ്ചെ എസ് ടി കോളനി | | 131423 | 131423 | 0 |

| | | | | | |
|---|---|---|---|---|---|
| | ലൈൻ 3 ഫേസ് | | | | |
| കെ എസ് ഇ ബി | മുഞ്ചിക്കാന മേപ്പോട് എസ് ടി കോളനികളിൽ 3 ഫേസ് ലൈൻ | | 24048 | 24048 | 0 |
| കെ എസ് ഇ ബി | നെക്കരപ്പദവ് പട്ടികവർഗ്ഗ കോളനി 3 ഫേസ് ലൈൻ | | 214866 | 214866 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

# 4-5 വായ്പാ/ വായ്പാ തിരിച്ചടവ്

വായ്പയിനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

**വായ്പയിനത്തിൽ ലഭിച്ച തുക**

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | | | |
| ലൈഫ് മിഷൻ ഭവന പദ്ധതി - ഹഡ്കോ വായ്പ | 05.01.2019 | 2555746 | 0 | 0 | 0 | 9920259 |
| ലൈഫ് മിഷൻ ഭവന പദ്ധതി - ഹഡ്കോ വായ്പ | 06.02.2019 | 7364513 | 0 | 0 | 0 | |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2014-15 | 3(2) | 29486 | തിമ്മക്കുടിയ-ഒ, AE, LSGD | 119080101442 30.7.219 |
| 2017-18 | 3(2) | 13671 | വൈശാഖ്-ബി, AE, LSGD | 119080101749 18.09.2019 |
| 2017-18 | 3(3) | 26421 | രാഹുൽ -ആർ, AE, LSGD | 119080101748 18.09.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2002-03 | 226 | സമഗ്ര നാളികേര വികസന പദ്ധതി - കട്ടത്തടുക്ക സാമൂഹ്യ ജലസേചന പദ്ധതി പൂർത്തീകരിച്ചിട്ടില്ല | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചപ്പോൾ ഗുണഭോക്തൃ സമിതി കൺവീനർ ബഹു. ഹൈക്കോടതിയിലും തുടർന്ന് ബഹു. സുപ്രീം കോടതിയിലും പെറ്റീഷൻ ഫയൽ ചെയ്തു. നിലവിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിൽ ഉള്ളതാണ്. SLP(C) 23404/19 |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,21,67,475 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,95,66,170 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,93,266 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,05,180 | ശ്രീമതി.ബേബി സബിത,ഹെഡ് മിസ്ട്രസ്സ് |
| 1-18 | 2,88,086 | ശ്രീ.കെ.ഹരീഷ്, സെക്രട്ടറി |
| 1-19 | 2,00,000 | ശ്രീ.കെ.ഹരീഷ്, സെക്രട്ടറി |
| ആകെ | 5,93,266 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LF.KSD6/302/11 Dated:25.04.2011 | 2 |
| 1997-98 | LF.KSD6/302/11 Dated:25.04.2011 | 8 |
| 1998-99 | LF.KSD6/302/11 Dated:25.04.2011 | 15 |
| 1999-2000 | LF.KSD6/302/11 Dated:25.04.2011 | 17 |
| 2000-2001 | LF.KSD4/1038/08 Dated:01.09.08/29.01.09 | 8 |
| 2001-02 | LF.KSD4/1039/08 Dated:01.09.08/29.01.09 | 3 |

| | | |
|---|---|---|
| 2001-02 (F) | LF.KSD4/1040/08 Dated:01.09.08/29.01.09 | 4 |
| 2003-04 | LF.KSD7/776/09 Dated:21.05.11/01.07.11 | 3 |
| 2004-05 | LF.KSD4/900/07 Dated:24.11.08/12.08.09 | 3 |
| 2005-06 | LF.KSD7/800/09 Dated:21.05.11/01.07.11 | 6 |
| 2006-07 | LF.KSD7/799/ Dated:17.05.11/01.07.11 | 7 |
| 2007-08 | LF.KSD7/362/11 Dated:26.03.12/17.04.12 | 3 |
| 2008-09 | LF.KSD7/884/11 Dated:26.03.12/07.04.12 | 4 |
| 2009-10 | LF.KSD4/184/2011 Dated:16.12.11 | 11 |
| 2010-11 | LF.KSD4/100/12 Dated 05.03.13/27.03.13 | 6 |
| 2011-12 | LF.KSD4/814/13 Dated 05.03.13/06.06.2014 | 11 |
| 2012-13 & 2013-14 | LF.KSD9/276/2015 Dated 03.07.2015 | 31 |
| 2014-15 | No KSA/KSD/806/2016 Dated 01.08.2016 | 16 |
| 2015-16 | No.KSA/KSD5/1269/16 dated 22.12.2016 | 13 |
| 2016-17 | No.KSA/KSD5/795/17 dated 13.03.2018 | 12 |
| 2017-18 | No.KSA/KSD5/03/19 dated 10.01.2019 | 10 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ-കെ.എസ്.ഡി.5/1163/2019.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123

ഇ-മെയിൽ-doksd.ksad@kerala.gov.in

ഫോൺ- 0499-4256690


തീയ്യതി : 13-02-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാസറഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1.(11) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2 ഇൻകം & എക്സപന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Puthige Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3365545.00 |
| 140000000 | Fee & User Charges | I-4(b) | 511144.00 |
| 150000000 | Sale & Hire Charges | I-5(b) | 75206.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 102528011.00 |
| 171000000 | Interest Earned | I-8 | 99582.00 |
| 180000000 | Other Income | I-9 | 2814.00 |
| | **Total Income** | | **106582302.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8177281.00 |
| 220000000 | Administrative Expenses | I-11(b) | 810850.00 |
| 230000000 | Operations & Maintenance | I-12(b) | 502792.00 |
| 240000000 | Interest & Finance Charges | I-13 | 2849.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8596804.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 52536799.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 877532.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 327160.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 29228940.00 |
| | | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 9681954.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 100000.00 |
| 272000000 | Depreciation | I-17(a) | 5175619.00 |
| | **Total Expenditure** | | **116018580.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-9436278.00** |
| 280000000 | Prior Period Item | I-18 | 139005.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-9575283.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-3 റസീപ്റ്റ് & പെയ്മന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Puthige Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 5700705.00 |
| Cash | Cash | RP-40(a) | 124352.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 959350.00 |
| 140000000 | Fees & User Charges | RP-4 | 473444.00 |
| 150000000 | Sale & Hire Charges | RP-5 | 75206.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 40790346.00 |
| 171000000 | Interest Earned | RP-9 | 99582.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7085262.00 |
| 350000000 | Other Liabilities | RP-36 | 145269.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 2814.00 |
| 330000000 | Secured Loans | RP-32 | 9920259.00 |
| 340000000 | Deposits Received | RP-34 | 8850.00 |
| 350000000 | Other Liabilities | RP-36 | 185100.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12409993.00 |
| 460000000 | Loans, Advances and Deposits | RP-47 | 12000.00 |
| | **Grand total** | | **77992532.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2994711.00 |
| 220000000 | Administrative Expenses | RP-12 | 810850.00 |
| 230000000 | Operations & Maintenance | RP-13 | 502758.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5071452.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 25132182.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 877532.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 327160.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 3111940.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 9681954.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 100000.00 |
| 280000000 | Prior Period item | RP-26 | -123953.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 394529.00 |
| 350000000 | Other Liabilities | RP-36 | 3907163.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 2849.00 |
| 280000000 | Prior Period Item | RP-26 | -5820.00 |
| 350000000 | Other Liabilities | RP-36 | 1353708.00 |
| 410000000 | Fixed Assets | RP-38 | 4010992.00 |
| 412000000 | Capital work in Progress | RP-40 | 316592.00 |
| | Loans, Advances and Deposits | RP- | |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 1099571.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 18357417.00 |
| Cash | Cash | RP-40(b) | 68945.00 |
| | **Grand Total** | | **77992532.00** |

# <u>അനുബന്ധം-4</u> <u>ബാലൻസ് ഷീറ്റ്</u>

Puthige Grama Panchayat

BALANCE SHEET

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 5272342.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 515.00 |
| 312000000 | Reserves | B-3 | 61056132.00 |
| | **Total Reserve & Surplus** | | **66328989.20** |
| | | | |

| | | | |
|---|---|---|---|
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5645013.00 |
| | **Total Grants, Contributions for Specific Purposes** | | **5645013.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 9920259.00 |
| | **Total Loans** | | **9920259.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 243947.00 |
| 350000000 | Other Liabilities | B-9 | 840906.20 |
| | **Total Current Liabilities and Provisions** | | **1084853.20** |
| | TOTAL LIABILITIES | | **82979114.40** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 80917301.00 |
| 411000000 | Accumulated Depreciation | B-11 | -18043448.00 |
| 412000000 | Capital Work in Progress | B-11(a) | 316592.00 |
| | **Total Fixed Assets** | | **63190445.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 4449.00 |
| 431000000 | Sundry Debtors (Receivables) | B-15 | 761894.40 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 18426362.00 |
| 460000000 | Loans, Advances and Deposits | B-18 | 595964.00 |
| | **Total Current Assets, Loans and Advances** | | **19788669.40** |

| | |
|---|---|
| **Other Assets** | |
| **Miscellaneous Expenditure (To the Extent not written off)** | |
| TOTAL ASSETS | **82979114.40** |